സി.ഇ.ഇ./4900/പി.ജി.എം–2020/റ്റി.എ3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്

## പി.ജി. മെഡിക്കൽ/ദന്തൽ (ഡിഗ്രി) കോഴ്സ് പ്രവേശനം 2020

## സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച്

2020–2021 അധ്യയനവർഷത്തെ പി.ജി.മെഡിക്കൽ/ദന്തൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ ഓൺലൈൻ അപേക്ഷയിൽ ഇപ്പോഴും ന്യൂനതകൾ നിലനിൽക്കുന്നുവെങ്കിൽ അവ **31.05.2020–ന് 3 മണിക്ക്** മുൻപായി പരിഹരിക്കേണ്ടതാണ്. ആദ്യഘട്ട താല്ക്കാലിക അലോട്ട്മെന്റ് പ്രകാരം **'വെർച്വൽ അഡ്മിഷൻ'** നേടിയ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയിൽ നിലനിൽക്കുന്ന ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെ ലഭിച്ച താല്ക്കാലിക അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്. കൂടാതെ ജാതി/ഫീസ് ആനുകൂല്യത്തിന് അർഹമായ വിവിധ സംവരണ വിഭാഗങ്ങളിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് (SC/ST,OEC) ആദ്യഘട്ടത്തിൽ താല്ക്കാലിക അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സീറ്റ് നഷ്ടമാകുന്നതും അത്തരം വിദ്യാർത്ഥികൾക്ക് തുടർന്ന് സീറ്റ് ലഭിക്കുകയാണെങ്കിൽ അധിക ഫീസ് അടയ്ക്കേണ്ടി വരുന്നതുമാണ്. ആദ്യഘട്ട അലോട്ട്മെന്റ് നഷ്ടപ്പെടുന്ന വിദ്യാർത്ഥികളുടെ ലോവർ ഓർഡർ ഓപ്ഷനുകൾ മാത്രമേ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുകയുള്ളുവെന്നും അറിയിക്കുന്നു.

**ഹെൽപ് ലൈൻ നമ്പരുകൾ:- 0471-2525300**

(ഒപ്പ്)

**പ്രവേശനപരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22.05.2020